ഭരണഭാഷ- മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കൻഡറി വിഭാഗം
ജഗതി, തിരുവനന്തപുരം
EmailId: dirdhse.dge@kerala.gov.in
ഫോൺ നമ്പർ :0471 2580759

നം. HSE/12161/2025-Ad C6 തീയതി : 23-07-2025

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ഹയർ സെക്കൻഡറി വിഭാഗം - ജീവനക്കാര്യം - ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ 2025-2026 വർഷത്തെ പൊതുസ്ഥലംമാറ്റം -അഡ്ജസ്റ്റമെന്റ് ട്രാൻസ്ഫർ അപേക്ഷ ക്ഷണിക്കുന്നത് -സംബന്ധിച്ച്.

സൂചന :
1. 02/03/2019 ലെ സ.ഉ (സാധാ) നം. 838/2019/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. 09/04/2025 ലെ സ.ഉ (സാധാ) നം. 2592/2025/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3. 25/05/2025 ലെ എച്ച്.എസ്.ഇ/3698/2025-എഡി സി6 നമ്പർ ഉത്തരവ്.
4. 14/07/2025 ലെ എച്ച്.എസ്.ഇ/12161/2025-എഡി സി6 നമ്പർ സർക്കുലർ.

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെ 2025-2026 പൊതുസ്ഥലംമാറ്റം സൂചന (1), (2) ഉത്തരവുകളുടെ തുടർച്ചയായി സൂചന (3) പ്രകാരം നടപ്പാക്കിയിരുന്നു. സൂചന (4) പ്രകാരം പൊതുസ്ഥലംമാറ്റത്തിന് ശേഷം നിലനിൽക്കുന്ന ഒഴിവുകളിലേയ്ക്ക് 2025-2026 ലെ അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിന് മുന്നോടിയായി പ്രൊഫൈൽ അപ്ഡേഷൻ ഓൺലൈൻ ആയി പൂർത്തിയാക്കുന്ന തിനുള്ള സൗകര്യം എല്ലാ ഹയർ സെക്കൻഡറി അധ്യാപകർക്കും നൽകിയിരുന്നു. ഇതിനെത്തുടർന്ന് അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിനുള്ള ഓൺലൈൻ അപേക്ഷ 25/07/2025 മുതൽ 31/07/2025 വരെ www.dhsetransfer.kerala.gov.in എന്ന് വെബ്സൈറ്റ് മുഖേന

അപേക്ഷിക്കാവുന്നതാണ്.

**1.പൊതുനിർദ്ദേശങ്ങൾ**

1. സൂചന (4) സർക്കുലർ പ്രകാരം പ്രൊഫൈൽ അപ്ഡേഷൻ '**confirm**' ചെയ്ത സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകർക്കു മാത്രമേ അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിന് അപേക്ഷിക്കാൻ കഴിയൂ.
2. പ്രസ്തുത സ്ഥലംമാറ്റ അപേക്ഷയിൽ എല്ലാ അധ്യാപകർക്കും ജനറൽ വിഭാഗത്തിൽ മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. (**Retained, Compassionate, Priority, Home station, weightage** തുടങ്ങിയ പരിഗണനകൾ അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിന് ഉണ്ടായിരിക്കുകയില്ല.)
3. അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫർ ലഭിക്കുന്ന എല്ലാ അധ്യാപകരുടെയും സ്റ്റാറ്റസ് '**conditional**' ആയിരിക്കും.
4. അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിന് അതാത് കേഡർ സീനിയോരിറ്റി (**30/06/2025** വരെയുള്ള **Total Service length**) ആണ് മാനദണ്ഡം.

a. **PSC** മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവരുടെ **advice order date** ലെ സീരിയൽ നമ്പരും, **By transfer order** മുഖേന ജോലിയിൽ പ്രവേശിച്ചവരുടെ **By transfer order** ലെ സീരിയൽ നമ്പരും **tie-breaking** നായി ഉപയോഗിക്കും.

5. അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിന് പരിഗണിക്കുന്ന **conditional** ഒഴിവുകളുടെയും നിലവിലുള്ള ഓപ്പൺ വേക്കൻസികളുടെയും ലിസ്റ്റ് സൈറ്റിൽ '**vacancy**' ന്റെ ലിങ്കിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
6. എല്ലാ അധ്യാപകർക്കും പരിധിയില്ലാതെ സ്കൂളുകൾ ഓപ്ഷൻ ആയി നൽകാവുന്നതാണ്.
7. അധ്യാപകർ അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫർ ഓൺലൈൻ അപേക്ഷ പ്രിൻസിപ്പൽമാർ മുഖാന്തിരമാണ് സമർപ്പിക്കേണ്ടത്.പ്രിൻസിപ്പൽമാർ അപേക്ഷ പരിശോധിച്ച് ഓൺലൈനായി ഫോർവേർഡ് ചെയ്യേണ്ടതാണ്. ഇങ്ങനെ ഫോർവേർഡ് ചെയ്തിട്ടുള്ള ഓൺലൈൻ അപേക്ഷകൾ മാത്രമേ അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിന് പരിഗണിക്കൂ.
8. പ്രിൻസിപ്പൽ **promotion** മുഖേന **excess** ആയിട്ടുള്ള അധ്യാപകർ നിലവിലുള്ള ഒഴിവുകളിൽ നിർബന്ധമായും അപ്ലൈ ചെയ്യേണ്ടതാണ്.
9. പോർട്ടലിൽ വിവരങ്ങൾ നൽകുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക സംശയങ്ങൾ പരിഹരിക്കാൻ കൈറ്റിന്റെ ഹെൽപ് സംവിധാനം (ഇ-മെയിൽ : **dhsetransfer@kite.kerala.gov.in**) പ്രയോജനപ്പെടുത്താവുന്നതാണ്.
10. ട്രാൻസഫറുമായി ബന്ധപ്പെട്ട പുതിയ വിവരങ്ങൾ ഉണ്ടെങ്കിൽ ആയവ യഥാസമയം പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നതാണ്.

**2. അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിന് ഓപ്പൺ വേക്കൻസികളായി പരിഗണിക്കുന്ന ഒഴിവുകൾ**

പൊതുസ്ഥലംമാറ്റത്തിനുശേഷമുള്ള താഴെപ്പറയുന്ന **conditional/open** ഒഴിവുകളാണ് അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിന് പരിഗണിക്കുന്നത്.

1. **25/05/2025** ലെ പൊതുസ്ഥലംമാറ്റ ഉത്തരവിന് ശേഷം **LWA/Deputation** ൽ നിന്നും **rejoin** ചെയ്തിട്ടുള്ള എല്ലാ അധ്യാപകരുടെ ഒഴിവുകൾ.
2. **25/05/2025** ലെ പൊതുസ്ഥലംമാറ്റ ഉത്തരവിന് ശേഷം പി.എസ്.സി മുഖേന ജോലിയിൽ പ്രവേശിച്ചവരുടെ ഒഴിവുകൾ
3. എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.റ്റി തസ്തികയിൽ ബൈ ട്രാൻസ്ഫർ മുഖേന ജോലിയിൽ പ്രവേശിച്ചവരുടെ ഒഴിവുകൾ.
4. **HSA, UPSA/LPSA, LAB ASST/MINISTERIAL STAFF** തസ്തികയിൽ നിന്നുള്ള **NJD** നിയമനം ലഭിച്ച അധ്യാപകരുടെ ഒഴിവുകൾ.

അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരും മേൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

Signed by Shanavas S
Date: 23-07-2025 12:55:38

പൊതുവിദ്യാഭ്യാസ ഡയറക്ടർ